# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 954 12-12-2012 ൽ മറുപടിക്ക്

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റൽ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. വി. ഡി. സതീശൻ**<br>**ശ്രീ. എ. റ്റി. ജോർജ്**<br>**ശ്രീ. എം. പി. വിൻസെന്റ്**<br>**ശ്രീ. ജോസഫ് വാഴക്കൻ** | **ശ്രീ. ഷിബു ബേബി ജോൺ**<br>(ബഹു. തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക (എംപ്ലോയബിലിറ്റി സെന്റർ) എന്ന പുതിയ പദ്ധതിക്ക് 2012-2013 സാമ്പത്തിക വർഷം തുടക്കം കുറിക്കുകയും അതിനായി 2 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ കൊല്ലം, എറണാകുളം, കോഴിക്കോട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യകേന്ദ്രങ്ങളാക്കുവാൻ നടപികൾ സ്വീകരിച്ചു വരുന്നു. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;<br><br>(സി) ഉദ്യോഗാർത്ഥികളുടെ തൊഴിൽ നിർവ്വ. ഹണശേഷി അളക്കാനും പോരായ്മകൾ പരിഹരിക്കുവാനും എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ? | (ബി) യും (സി) യും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള അഭ്യസ്ത വിദ്യരായ തൊഴിൽ രഹിതരെ കണ്ടെത്തി അവരുടെ കൃത്യനിർവ്വഹണശേഷി, അഭിരുചി തുടങ്ങിയവ കണ്ടുപിടിച്ച് അവർക്കുള്ള കുറവുകൾക്കനുസൃതമായി പരിശീലനം നൽകിക്കൊണ്ട് വിവിധ തൊഴിൽ മേഖലയിലേക്ക് അവരെ പ്രാപ്തരാക്കുന്നതാണ് ലക്ഷ്യം. സർക്കാർ. അർദ്ധ സർക്കാർ, സ്വകാര്യ മേഖലയിലെ തൊഴിൽദാതാക്കളുമായി സഹകരിച്ചുകൊണ്ട് അവർക്കാവശ്യമായ പരിശീലനം ലഭിച്ച ഉദ്യോഗാർത്ഥികളെ നേരിട്ടോ ജോബ് ഫെയറുകൾ മുഖേനയോ നൽകുകയും അതുവഴി ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടിയെടുക്കുവാൻ അവസരമൊരുക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ